VII. ശ്രീ. കെ. ചന്ദ്രശേഖരന്റെ പ്രസ്താവന

കരുതൽ തടങ്കൽ നിയമം കേന്ദ്രസർക്കാർ കൊണ്ടുവരുന്നതിനെ സംബന്ധിച്ച്

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, അങ്ങയുടെ അനുമതിയോടുകൂടി ഒരു പ്രധാനകാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും സർക്കാരിന്റെയും മുൻപിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. അതിനേക്കുറിച്ച് അന്വേഷണം നടത്തണമെന്നാവശ്യപ്പെടാൻവേണ്ടിയാണ് ഞാൻ ഈ സമയം വിനിയോഗിക്കുന്നത്. സർ, ഒന്നു രണ്ടു ദിവസങ്ങളായി എല്ലാ പത്രങ്ങളിലും പ്രത്യേകിച്ച് ഹിന്ദുപത്രത്തിലും ദേശാഭിമാനി പത്രത്തിലും മറ്റു പത്രങ്ങളിലുമെല്ലാം ഈ വാർത്ത വന്നിട്ടുണ്ട്. ഒഴിവാക്കപ്പെട്ടിട്ടുള്ള 'മിസ' കേന്ദ്രസർക്കാർ പുനരുജ്ജീവിപ്പിച്ച് കരുതൽ തടങ്കൽ നിയമം എന്നുള്ള രൂപത്തിൽ വീണ്ടും കൊണ്ടുവരാൻ രാഷ്ട്രപതിയുടെ അനുമതിക്കായി ഓർഡിനൻസായി അയച്ചിരുന്നുവെന്ന് പത്രങ്ങളിൽ കാണുന്നുണ്ട്. രാഷ്ട്രപതി ആ ഓർഡിനൻസ് മടക്കി അയയ്ക്കുകയും സംസ്ഥാനത്തെ മുഖ്യമന്ത്രിമാർ നാളെയും മറ്റെന്നാളും ഡൽഹിയിൽ സമ്മേളിക്കുമ്പോൾ അവരുടെ അഭിപ്രായംകൂടി ഇക്കാര്യത്തിൽ ആരായണമെന്നും അതിനുശേഷം തീരുമാനം എടുക്കാമെന്നും രാഷ്ട്രപതി നിർദ്ദേശിച്ചിട്ടുള്ളതായി കേൾക്കുന്നു. സർ, സാമൂഹ്യദ്രോഹികൾക്ക് എതിരായി, രാജ്യദ്രോഹികൾക്ക് എതിരായി 'മിസ' കൊണ്ടുവന്നു എന്നു പറഞ്ഞിട്ട് ഒരു ലക്ഷം ആളുകളുടെ പേരിലെങ്കിലും അത് പ്രയോഗിക്കപ്പെട്ടുവെന്ന് അടിയന്തിരാവസ്ഥക്കാലത്ത് നമ്മൾ അറിയുകയുണ്ടായി. സർ, ഇന്നും പറയുന്നു കരിഞ്ചന്തക്കാർക്കും പൂഴ്ത്തിവയ്പുകാർക്കും എതിരായിട്ടാണ് ഇത് പ്രയോഗിക്കുന്നതെന്ന്. കരിഞ്ചന്തക്കാർക്കും പൂഴ്ത്തിവയ്പുകാർക്കും എതിരായി കരുതൽ തടങ്കൽ നടപടികൂടാതെ തന്നെ എന്തെല്ലാം നടപടികൾ എടുക്കാൻ സാധിക്കുമോ അതെല്ലാം എടുത്തേ മതിയാകൂ എന്ന കാര്യത്തിൽ സംശയമില്ല. പക്ഷെ, കരുതൽ തടങ്കൽ നിയമത്തിന്റെ കാര്യത്തിൽ പടിഞ്ഞാറൻ ബംഗാൾ, ത്രിപുര, തമിഴ്നാട് എന്നീ സംസ്ഥാനങ്ങൾ എടുത്തു കഴിഞ്ഞിരിക്കുന്ന ആ സമീപനങ്ങൾ ഈ സംസ്ഥാനം എടുത്തേ മതിയാകൂ. കരുതൽ തടങ്കൽ നടപടി കൊണ്ടുവരുന്നതിന് ഈ സംസ്ഥാനത്തിന്റെ എതിർപ്പ്, മുഖ്യമന്ത്രിമാരുടെ സമ്മേളനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയിക്കണമെന്ന് ഞങ്ങൾ പ്രത്യേകം അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): സർ, നാളെ ഡൽഹിയിൽ നടക്കുന്ന മുഖ്യമന്ത്രിമാരുടെ സമ്മേളനത്തിനുവേണ്ടി ഇപ്പോൾ എനിക്ക് അയച്ചു കിട്ടിയിട്ടുള്ള കാര്യപരിപാടിയിൽ ഇതുപോലെയാതൊരു നിർദ്ദേശവും ഇല്ല. പിന്നെയുള്ളത് പത്ര വാർത്തകളാണ്. ഈ പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ ഒരു അഭിപ്രായപ്രകടനം നടത്തേണ്ടയാവശ്യം ഉണ്ടോ എന്നെനിക്ക് സംശയമാണ്. എങ്കിലും ഈ രാജ്യത്ത് കഴിഞ്ഞ കുറെക്കാലമായി നടന്ന എല്ലാ സംഭവവികാസങ്ങളുടെയും പശ്ചാത്തലത്തിൽ അതുപോലെ പ്രധാനപ്പെട്ട ഒരു പ്രശ്നം കൈകാര്യം ചെയ്യേണ്ടതാണെങ്കിൽപോലും 'മിസ' പോലുള്ള നിയമം ഫലപ്രദമാകുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. എന്തായാലും നാളത്തെ സമ്മേളനത്തിൽ അങ്ങനെയെന്തെങ്കിലും നിർദ്ദേശം ഉണ്ടാവുകയാണെങ്കിൽ അതിനെസംബന്ധിച്ച് തീർച്ചയായും ഇവിടെ ബഹുമാനപ്പെട്ട മെംബർ

LIBRARY ARCHIVES Kerala Legislative Assembly

പ്രകടിപ്പിച്ച അഭിപ്രായവും ഈ സഭയിൽ പൊതുവിൽ ഇതുവരെ പ്രകടിപ്പിച്ച അഭിപ്രായങ്ങളും കണക്കിലെടുത്തുകൊണ്ടായിരിക്കും കേരള ഗവൺമെൻറിൻെറ അഭിപ്രായം പ്രകടിപ്പിക്കുക.

[Mr. Deputy Speaker in the Chair]

VIII. നിയമനിർമ്മാണകാര്യം

(i) പാട്ടക്കുടിശ്ശിക ഗഡുക്കളായി കൊടുക്കുന്നതു സംബന്ധിച്ച 1979-ലെ കേരള ബിൽ

റവന്യൂവും സഹകരണവും വകുപ്പ് മന്ത്രി (ശ്രീ. ബേബിജോൺ): പാട്ടക്കുടിശ്ശിക ഗഡുക്കളായി കൊടുക്കുന്നതിനെ സംബന്ധിച്ച് 1979-ലെ കേരള ബില്ല് ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പുറപ്പെടുവിച്ചുകൊണ്ട് അടിയന്തിര നിയമനിർമ്മാണം നടത്താൻ ഉണ്ടായ സാഹചര്യങ്ങളും വിശദീകരിച്ചുകൊണ്ട് ഉള്ള സ്റ്റേറ്റുമെൻറ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

Deputy Speaker: The Bill stands introduced.

റവന്യൂവും സഹകരണവും വകുപ്പ് മന്ത്രി (ശ്രീ. ബേബിജോൺ): സർ, ബില്ല് പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവകുപ്പ്മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, ഞാൻ അതിനെ പിൻതാങ്ങുന്നു.

ശ്രീ. ബേബിജോൺ: സർ, ഈ ബില്ല് സഭയിൽ അവതരിപ്പിച്ചുകൊണ്ട് വിശദമായ, ദീർഘമായ ഒരു പ്രസംഗം നടത്തണമെന്ന് ഞാനാഗ്രഹിക്കുന്നില്ല. ഈ ബില്ല് അവതരിപ്പിക്കാൻ ഇടയായ സാഹചര്യങ്ങളും ഇന്നലെതന്നെ വിശദമായി സംസാരിച്ചിട്ടുണ്ട്; മറ്റൊരു ബില്ലിനെ സംബന്ധിച്ചുള്ള ചർച്ചയിൽ. ഭൂനിശ്വാസബില്ലിൽ വരുത്തിയ ഭേദഗതി—പാട്ടക്കുടിശ്ശികയെ സംബന്ധിച്ച്—കടം എന്നുള്ള നിർവ്വചനത്തിൽ കൊണ്ടുവരികയും അവർക്ക് ആശ്വാസം ലഭിക്കാനുള്ള നടപടികളും സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മൂവായിരം രൂപയിൽ കൂടുതൽ വരുമാനമുള്ള ആളുകൾക്ക്, അവരുടെ പാട്ടക്കുടിശ്ശികയെ സംബന്ധിച്ച് നിയമപരമായിത്തന്നെ ആശ്വാസം കിട്ടുന്നതിനുള്ള നടപടി സ്വീകരിക്കണം എന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. സഭയുടെ എല്ലാ ഭാഗത്തുനിന്നും, എല്ലാ കർഷകസംഘങ്ങളും സംഘടനകളും ഈ ആവശ്യം ഉന്നയിച്ച് പ്രക്ഷോഭണംവരെ നടത്തിയിരുന്നു. ഇതെല്ലാം കണക്കിലെടുത്തുകൊണ്ട്, ഇത് ഒരു ആവശ്യമാണെന്ന് കരുതി, നിയമപ്രകാരംതന്നെ തവണകളായി ഗഡുക്കളായി അടയ്ക്കുന്നതിനുള്ള സൗകര്യം ചെയ്തുകൊടുക്കുന്നതിനുവേണ്ടിയാണ് ഈ നിയമനിർമ്മാണം കൊണ്ടുവന്നത്. ചിലത്, കുടിശ്ശികമൂലം കോർട്ട് ഡിക്രി വരുകയും അവരുടെ ഭൂമികളും നഷ്ടപ്പെടുകയും ചെയ്തിട്ടുണ്ട്. അവരുടെ ഭൂമി വീണ്ടെടുക്കാനുള്ള അവസരംകൂടിയാണ് ഈ നിയമംകൊണ്ടുദ്ദേശിക്കുന്നത്. സാധാരണ കർഷകർക്ക് അങ്ങനെ നഷ്ടപ്പെട്ട ഭൂമി, പാട്ടക്കുടിശ്ശിക ഗഡുക്കളായി കൊടുക്കാൻ സാധിക്കുമെങ്കിൽ തിരിയെ കിട്ടാൻ സാധിക്കുന്ന വ്യവസ്ഥ ഇപ്പോൾ ഈ ബില്ലിൽ ഉണ്ട്. അങ്ങനെ ഇന്നലത്തേതിനെത്തുടർന്ന് എല്ലാ വിഭാഗം കർഷകർക്കും ഒരു രീതിയിൽ അല്ലെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly
LIBRARY ARCHIVES Kerala Legislative Assembly